# Inaugural 2+2 Dialogue of the Foreign and Defence Ministers of India and the Russian Federation

November 26, 2021

---

**ഇന്ത്യയിലെയും റഷ്യൻ ഫെഡറേഷനിലെയും വിദേശകാര്യ പ്രതിരോധ മന്ത്രിമാർ തമ്മിലുള്ള ഉദ്ഘാടനതല 2 +2 സംഭാഷണം**

നവംബർ 26, 2021

ഇന്ത്യയിലെയും റഷ്യൻ ഫെഡറേഷനിലെയും വിദേശ, പ്രതിരോധ മന്ത്രിമാരുടെ തലത്തിലുള്ള 2+2 സംഭാഷണത്തിന്റെ ഉദ്ഘാടനതല യോഗം 2021 ഡിസംബർ 6 ന് ന്യൂഡൽഹിയിൽ നടക്കും. ബഹുമാനപ്പെട്ട രക്ഷാ മന്ത്രി ശ്രീ രാജ്നാഥ് സിംഗ്, ബഹുമാനപ്പെട്ട വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ എന്നിവർ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിച്ച് സംഭാഷണത്തിൽ പങ്കെടുക്കും. റഷ്യൻ വിദേശകാര്യ മന്ത്രി സെർഗേയ് ലാവ്റോവ്, റഷ്യൻ പ്രതിരോധ മന്ത്രി സെർഗേയ് ഷോയ്ഗു എന്നിവർ 2+2 ഡയലോഗിനായി 2021 ഡിസംബർ 5-6 തീയതികളിൽ ന്യൂഡൽഹി സന്ദർശിക്കും.

2021 ഏപ്രിൽ 28-ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് ശ്രീ വ്ളാഡിമിർ പുടിനും തമ്മിലുള്ള ടെലിഫോൺ സംഭാഷണത്തിനിടെയുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണ് 2+2 സംഭാഷണം നടക്കുന്നത്. പരസ്പര താൽപ്പര്യമുള്ള രാഷ്ട്രീയ, പ്രതിരോധ വിഷയങ്ങളാണ് സംഭാഷണത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2+2 ഡയലോഗുകളുടെ ഒരു പുതിയ സംവിധാനം സ്ഥാപിക്കുന്നത് ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡെൽഹി**
**നവംബർ 26, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.